LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ബോർഡിന്റെ കടം

223 [1165] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *വി. ജെ. പൗലോസ്:*

,, *പി. ടി. തോമസ്:*

*ഡോ. എം. എ. കുട്ടപ്പൻ:*

*ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഏപ്രിൽ ഒന്നിന് വൈദ്യുതി ബോർഡിന്റെ കടം എത്രയായിരുന്നു; ഇപ്പോൾ അത് കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) വൈദ്യുതി ബോർഡിന്റെ കടം കൂടുകയോ കുറയുകയോ ചെയ്തതുമൂലം ബോർഡിന്റെ പലിശബാദ്ധ്യതയിൽ വന്ന കൂടുതലോ കുറവോ എത്രയെന്ന് പറയുമോ?

*ഉത്തരം*

(എ) & (ബി) 2004 ഏപ്രിൽ ഒന്നിന് ബോർഡിന്റെ മൊത്തം കടം 5355.64 കോടി രൂപയായിരുന്നു. 1-4-2005-ൽ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ മൊത്തം കടം 4541.34 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കടം കുറഞ്ഞതുമൂലവും പലിശയുടെ മാർക്കറ്റ് നിരക്കിൽ കുറവ് വന്നതു കൊണ്ടും 2003-2004 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2004-2005-ൽ 120.73 കോടി രൂപയുടെ കുറവ് പലിശ ബാദ്ധ്യതയിൽ വന്നിട്ടുണ്ട്.

## പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുവാൻ നടപടി

224 [1166] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുന്നതെന്ന് പറയാമോ;

(ഡി) ചേലക്കര നിയോജകമണ്ഡലത്തിൽ ദേശമംഗലത്ത് ഒരു പുതിയ സെക്ഷനാഫീസ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?